**Deepika**

**17 July 2018**

**Kochi, Heavy Rain, Disaster Relief**

# മഴ: റവന്യു വകുപ്പ് ഉണർന്നു പ്രവർത്തിക്കണമെന്ന് ഹൈബി ഈഡൻ

**കൊച്ചി:** കനത്ത മഴയെ തുടർന്ന് വെള്ളത്തിലായ നഗരത്തിൽ ദുരന്ത നിവാരണത്തിന് നേതൃത്വം കൊടുക്കേണ്ട റവന്യു വകുപ്പ് മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്നതായി ഹൈബി ഈഡൻ എംഎൽഎ. നഗരത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിലാണ്.

ഇന്നലെ പുലർച്ചെ ഉണ്ടായ ചുഴലിക്കാറ്റിൽ പലയിടങ്ങളിലും നാശനഷ്ടം സംഭവിച്ചു. നൂറോളം വീടുകൾ തകർന്നു. വലിയ മരങ്ങൾ വീടുകളുടെ മുകളിലേക്ക് വീണതോടെ മേൽക്കൂരകൾ ഉൾപ്പെടെ തകർന്ന നിലയിലാണെന്ന് സംഭവസ്ഥലം സന്ദർശിച്ച എംഎൽഎ പറഞ്ഞു.